**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **04-03-2025 - ൽ മറുപടിയ്ക്ക്**

**വീട് വയ്ക്കാൻ സഹകരണ ബാങ്ക് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വീട് വയ്ക്കാൻ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിന് എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സഹകരണസംഘം രജിസ്ട്രാറുടെ 28.07.2011-ലെ 57/2011 നമ്പർ സർക്കുലർ പ്രകാരം മൂന്ന് സെന്റും അതിന് മുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നഗരങ്ങളിലും നഗര സ്വഭാവമുള്ള പഞ്ചായത്തുകളിലും സ്ഥലം വാങ്ങാൻ ലക്ഷങ്ങൾ ചെലവഴിക്കേണ്ടി വരുന്നവർക്ക് സ്ഥലത്തിന്റെ വിസ്തൃതി കുറവാണെന്ന കാരണം പറഞ്ഞ് സഹകരണ ബാങ്കുകൾ വായ്പ നിഷേധിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ